**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *659 31.10.2011-ൽ മറുപടിക്ക്

**ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ച**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**<br>**ശ്രീ.പി.കെ.ബഷീർ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ച ലക്ഷ്യമിട്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പുതുതായി എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനാണ് ലക്ഷ്യമിടുന്നത്; | **(എ)** ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ച ലക്ഷ്യമിട്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പ്രധാനമായും ചീനകളിമൺ, ബോക്സൈറ്റ് എന്നിവയുടെ പര്യവേഷണം തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിച്ച് അവയുടെ നിക്ഷേപം തിട്ടപ്പെടുത്തി വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയുക്തമാക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ലക്ഷ്യമിട്ടിട്ടുണ്ട് കൂടാതെ സിലിക്കാ മണൽ, ഗ്രാഫൈറ്റ്, കക്ക എന്നിവയുടെ പര്യവേഷണങ്ങൾ വ്യവസായങ്ങളുടെ ആവശ്യാനുസരണം ഏറ്റെടുത്ത് നടത്തുന്നതാണ്. പാറമണൽ ഉൽപാദനത്തിനുതകുന്ന ക്ളസ്റ്റർ ക്വാറികളുടെ പഠനവും നടത്തുന്നതാണ്. |
| **(ബി)** സംസ്ഥാനത്തിന്റെ വ്യവസായ ക്കുതിപ്പിന് ഏതൊക്കെ ഖനിജങ്ങളുടെ ലഭ്യതയാണ് വരും വർഷങ്ങളിൽ ഉറപ്പുവരുത്തേണ്ടത് എന്നതു സംബന്ധിച്ച രൂപരേഖ വകുപ്പു തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | **(ബി)** പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ കരട് രൂപരേഖയിൽ ചീനകളിമണ്ണ്, ബോക്സൈറ്റ്, സിലിക്കാമണൽ, ക്വാർട്ട്സ് എന്നീ വ്യാവസായിക ഖനിജങ്ങളുടെ പര്യവേഷണത്തിനാണ് കൂടുതൽ ഊന്നൽ നല്കിയിട്ടുള്ളത്. വ്യവസായ ആവശ്യത്തിനുള്ള ഖനിജങ്ങളായ കക്ക, ഗ്രാഫൈറ്റ് എന്നിവയുടെ പര്യവേഷണം നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ശാസ്ത്രീയവും പരിസ്ഥിതിയ്ക്ക് അനുയോജ്യവുമായ രീതിയിൽ ഖനനം നടത്തുന്നതിന് കൂടുതൽ ഊന്നൽ നൽകുന്നതാണ്. |

| | |
|---|---|
| **(സി)** അടിസ്ഥാന സൗകര്യവികസനത്തിന് അനിവാര്യമായ മണൽ, പാറ, മെറ്റൽ എന്നിവയുടെ ലഭ്യത ഉറപ്പു-വരുത്തുന്നതു സംബന്ധിച്ച് വകുപ്പിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുമോ; | **(സി)** അടിസ്ഥാനസൗകര്യവികസനത്തിന് അനിവാര്യമായ പാറ, മെറ്റൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ കരിങ്കൽ ക്വാറികളെ സംബന്ധിച്ചുള്ള പഠനങ്ങൾ വകുപ്പ് നടത്തിവരുന്നു. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ മണൽ ഖനനം നടത്തുന്നതിന് വകുപ്പ് 1967ലെ കെ.എം.എം.സി ചട്ട പ്രകാരം അനുവാദം നൽകുന്നുണ്ട്. |
| **(ഡി)** ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതും ഉയർന്നു വരാവുന്നതുമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ വകുപ്പു സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്? | **(ഡി)** പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള ഖനന പ്രവർത്തനങ്ങൾ വകുപ്പ് പ്രോത്സാഹിപ്പിക്കുകയും ക്വാറികൾ കൂടുതലുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.<br><br>**സെക്ഷൻ ഓഫീസർ** |